# PAPILLON

## GMVHSS VENGARA TOWN

## 2019-2020



little KITEs

## <u>ആമുഖം</u>

വാക്കുകൾ ചിലപ്പോൾ മനുഷ്യരെ പോലെയാണ് അവ ഒരിക്കലും ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിക്കുന്നില്ല. കൂട്ടിരിക്കാനും കൂടെ നടക്കാനും വാക്കുകൾ കൊതിക്കുന്നുണ്ട്. വാക്കുകൾ പൂക്കുന്ന വഴികളിൽ സർഗാത്മകത സ്വയമൊരു വസന്തമാവാറുണ്ട്. പാപ്പിലോൺ സ്വാതന്ത്ര്യം പ്രതിഫലിക്കുന്ന വാക്കാണ്. രചയിതാവിന്റെ ഹൃ ദയത്തിൽ വികാര വിചാരങ്ങളിൽ നിന്ന് സ്വതന്ത്രമാവുന്ന ഓരോ വാക്കും ഓരോ സൃഷ്ടിയായി പിറവികൊള്ളുന്നുതാളുകളിൽ ഇടം നേടുന്നു.

പാപ്പിലോൺ ഒരു വഴിത്താരയാണ്. ചിന്തകളുടെ ചിത്രം വരയും വരികൾക്കിടയിലെ വാക്കുകളും ജീവിതത്തിന്റെ നിറഭേദങ്ങളും ഈ വഴിയിൽ നിങ്ങൾ കണ്ടെന്ന് വരാം. പരിപൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. കുറ്റങ്ങളും കുറവുകളും  ഉണ്ടാവാം. എങ്കിലും ഞങ്ങളുടെ ഈ അക്ഷര സ്നേഹം നിങ്ങൾ ഇരുകൈകളും നീട്ടി സ്വീകരിക്കുമെന്ന പ്രതീക്ഷയിൽ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾ ക്കായി സമർപ്പിക്കുന്നു.

മാഗസിൻ സമിതി



# സന്ദേശം

ജി.എം.വി.എച്ച്.എസ്.എസ് വേങ്ങര ടൗൺ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻപ്രസിദ്ധീകരിക്കുന്നു. കുട്ടികളുടെ സർഗ്ഗശേഷിയും സാങ്കേതിക മികവും പ്രകടമാക്കാനുള്ള ഒരു സുവർണ്ണാവസരമാണിത് . ഈ ഡിജിറ്റൽ മാഗസിന്റെ അണിയറ പ്രവർത്തകർക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

സുരേഷ് ബാബു.ടി.വി

ഹെഡ്മാസ്റ്റർ

**സ്റ്റാഫ് എഡിറ്റർ : നസീറ**

അംഗങ്ങൾ :

ബിജേഷ് കെ

സജീവ്

**സ്റ്റുഡന്റ് എഡിറ്റർ : റഫ്നാസ് എ കെ 9 A**

അംഗങ്ങൾ :

| | |
|---|---|
| ഇസ്ഹാഖ് പി | 9 A |
| റാഷിദ് എം | 9 B |
| ദിൽഷാദ് ടി കെ | 9 B |
| ഹംന റഷ | 9 A |

**ഉള്ളടക്കം**

1. സോഷ്യൽ മീഡിയ വില്ലനോ നായകനോ ?………………………………………...5

2. റോബിൻസൺ ക്രൂസോ ……………………………………………………...6

3. നിലക്കാത്ത കാറ്റും ശമിക്കാത്ത ചൂടും ……………………………………………7

4. ഉത്തരക്കടലാസും ചില നർമ്മങ്ങളും ……………………………………………...8

5. നമ്പൂതിരി ഫലിതങ്ങൾ ……………………………………………………9

6. തണലിടങ്ങൾ ……………………………………………………………...10

7. മഴമൊഴി ………………………………………………………………...11

8. ചെറിയവ ………………………………………………………………12

9. ഹിമവാന്റെ മുകൾത്തട്ടിൽ ………………………………………………...13

10. Asura—Tale Of The Vanquished – Book Review ………………………..14

11. Salil Chaudhary - A Unique Musician In Malayalam …………………...17

12. لحكم والامثال………………………………………………………

13. الحِوَار

"اِنَّ روحَ بلادِنَا فِي القَريَة" ………………………………………………

14. Art Gallery ……………………………………………………...22

15. പ്രതികാരം ……………………………………………………..26

## സോഷ്യൽ മീഡിയ വില്ലനോ നായകനോ ?

സാങ്കേതികവിദ്യ മാനംമുട്ടെ വളർന്നുക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമെല്ലാം ഇപ്പോൾ ജീവിക്കുന്നത്. സ്ക്കൂൾ കുട്ടികളുടെയും കൗമാരക്കാരുടെയും ജീവിതത്തിൽ ഓക്സിജൻ പോലെ അഭിവാജ്യഘടകമായി സോഷ്യൽ മീഡിയ നെറ്റ് വർക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. സോഷ്യൽമീഡിയ ഗുണങ്ങളും ദോഷങ്ങളും ചേർന്ന് സമ്മിശ്രമാണ്, അവയുടെ ഉപയോഗത്തിൽ മിതത്വം പാലിച്ചില്ലെങ്കിൽ ഗൗരവപൂർണ്ണമായ പ്രശ്നങ്ങളുണ്ടായേക്കാം. സമൂഹത്തോട് ആശയവിനിമയം നടത്താൻ സഹായിക്കുന്ന ഏതൊരു സൈറ്റും സോഷ്യൽമീഡിയ എന്ന ചങ്ങലയുടെ കണ്ണിയാണ് ഫേസ്ബുക്ക്, ട്വിറ്റർ, മൈ സ്പേസ്, യൂട്യൂബ്, ലിങ്ക്ഡ് ഇൻ ഇവയൊക്കെ.

50 ശതമാനത്തിൽ കൂടുതൽ പേരും ഒരു ദിവസം തന്നെ ഒരുപാടു പ്രാവശ്യം ഇത്തരം സൈറ്റുകളിൽ സന്ദർശിക്കാറുണ്ട്. സർവ്വേകൾ പ്രകാരം കുട്ടികളിൽ 75 ശതമാനം പേരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരാണ്. അവയിൽ 25 ശതമാനം പേരും ഇത്തരം സൈറ്റുകളിലെ സന്ദർശകരുമാണ്. ആശയ വിനിമയം വർധിപ്പിക്കുക, പുതിയ കാര്യങ്ങൾ പഠിക്കുക, എന്നീ കാര്യങ്ങൾ ഇത്തരം സൈറ്റുകളിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന ഗുണങ്ങളാണ് .സൂക്ഷിച്ചു ഉപയോഗിച്ചാൽ പഠനത്തിന്റെ നിലവാരം ഉയർത്താൻ തന്നെ സോഷ്യൽമീഡിയ കൈത്താങ്ങാകും. പക്ഷേ സൂക്ഷിച്ച് ഉപയോഗിക്കണം. ശാരീരിക വളർച്ചയുടെ വേഗതയ്ക്ക് ഒപ്പം എത്താൻ കഴിയാതെ വരുന്ന മാനസികവളർച്ച കുട്ടികളിൽ പക്വത ഇല്ലായ്മയായി അവരെ തിന്മകളിലേക്ക് വലിച്ചിഴയ്ക്കുന്നു. അങ്ങനെ അവർ ഇത്തരം തിന്മകലുടെ കുഴികളിലേക്ക് ആണ്ടുപോകുന്നു. മദ്യത്തെയോ മയക്കുമരുന്നിനെയോ പോലെയോ ഒരു പക്ഷെ അതിനെക്കാൾ ഭയാനകമായ രീതിയിലോ അടിമത്തം സൃഷ്ടിക്കുന്ന ഒന്നാണ് സോഷ്യൽമീഡിയയും ഇന്റർനെറ്റ് ഉപയോഗവും.

മണിക്കൂറുകളോളം സോഷ്യൽമീഡിയയിൽ സജീവമായാൽ കാഴ്ചയിലെ വൈകല്യങ്ങൾ മാത്രമല്ല മനസിനും വൈകല്യങ്ങൾ സൃഷ്ടിക്കുന്നു.ഇന്റർനെറ്റിലേ- യും സോഷ്യൽമീഡിയയിലെയും അമിതമായ ഉപയോഗം കുട്ടികളിൽ വിഷാദരോഗം വരുത്തുന്നതായി പഠനങ്ങൾ പറയുന്നു. കുറെ നേരം അത് ഉപയോഗിച്ച് അത് പെട്ടന്ന് നഷ്ടപ്പെടുമ്പോൾ അവർ മദ്യപാനികളെ പോലെ പെരുമാറുന്നു.

ശരിയായ ബോധവത്ക്കരണം തന്നെയാണ് ഫലപ്രദമായ മാർഗം. സോഷ്യൽമീഡിയ നെറ്റ്വർക്കിങ്ങിന്റെയും തന്മൂലം ഇന്റർനെറ്റിന്റെയും അമിതോപയോഗം മൂലമുള്ള ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് രക്ഷിതാക്കളെയും അധ്യാപകരെയും ബോധവത്കരിക്കുകയും അവരിലൂടെ കുട്ടികളെ അതിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ അവബോധം ചെയ്യുകയും വേണം.

ഇതിൽ അടിമപ്പെട്ട് പഠനവൈകല്യങ്ങളും വിഷാദവും ചിലപ്പോൾ അക്രമവാസനയും പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് കൗൺസലിങ് ഉൾപ്പെട്ട വിദഗ്ധചികിത്സ നൽകണം. കൂട്ടുകാരുമായി വൈകിട്ട് വ്യായാമങ്ങളിലും കളികളിൽ ഏർപ്പെടുന്നതും, വീട്ടിൽ ഒറ്റപ്പെടുന്ന അവസ്ഥ സൃഷ്ടിക്കുന്നതും ഏറെ പ്രധാനമാണ്.

സോഷ്യൽമീഡിയയിൽ അടിമപ്പെട്ട നമ്മുടെ സുഹൃത്തുക്കൾ "ആന്റിസോഷ്യലിസ്റ്റ്" ആകാതിരിക്കാൻ നമ്മൾ ഇത്രയെങ്കിലും ചെയ്യണം.

ഫൈസാൻ അഹമ്മദ് കെ 9.A

## റോബിൻസൺ ക്രൂസോ

ലോകത്തിലെ മഹത്തായ കൃതികളിലൊന്നായി വിശേഷിപ്പിക്കപ്പെടുന്ന ഒരു സഞ്ചാര നോവലാണ് റോബിൻസൺ ക്രൂസോ.ഇംഗ്ലീഷ് പത്രപ്രവർത്തകനും നോവലിസ്റ്റുമായ ഡാനിയൽ ഡിഫോ ആണ് ഈ പ്രശസ്ത കൃതിയുടെ കർത്താവ്. തന്റെ സുഹൃത്തിന് ഉണ്ടായ ഒരു അനുഭവ കഥയാണ് ഈ നോവൽ എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ലോകം ചുറ്റിക്കാണാൻ ഇറങ്ങിയ ഒരു യുവാവാണ് റോബിൻസൺ ക്രൂസോ. കടൽ യാത്രക്കിടയിൽ അദ്ദേഹത്തിന്റെ കപ്പൽ ഒരു അപകടത്തിൽപ്പെട്ടു. തുടർന്ന് മനുഷ്യവാസമില്ലാത്ത ഒരു ദ്വീപിൽ എത്തിച്ചേർന്ന ക്രൂസോയ്ക്ക് നീണ്ട 28 വർഷം അവിടെ ഒറ്റയ്ക്ക് കഴിയേണ്ടിവന്നു . താൻ ഒറ്റപ്പെട്ടുപോയ ദ്വീപിൽ തനിക്ക് വേണ്ടത് കൃഷിചെയ്ത് ഉണ്ടാക്കിയെടുത്ത് ക്രൂസോ അടുത്ത ദ്വീപിലെ നരഭോജികളിൽ നിന്നും ചിലരെ രക്ഷിക്കുന്നു. സംഘർഷഭരിതമായ ജീവിതത്തിനിടയ്ക്ക് ഒരു ചരക്ക് കപ്പലിൽ ദ്വീപിൽ നിന്നും രക്ഷപ്പെട്ട ക്രൂസോ ആ ദ്വീപിലേക്ക് വളർത്തു മൃഗങ്ങളെ അയച്ചുകൊടുക്കുന്നുണ്ട്. പ്രകൃതിയുടെ മടിത്തട്ടിൽ ഒറ്റപ്പെട്ടുപ്പോയ മനുഷ്യരുടെ അവസ്ഥ സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ട ഈ നോവലിന് ലോകമെമ്പാടും വായനക്കാരുണ്ടായി.

ആമിന 9 A

## നിലക്കാത്ത കാറ്റും ശമിക്കാത്ത ചൂടും

ജോജി കൂട്ടുമ്മേൽ

സെപ്റ്റംബർ 16 ലോക ഓസോൺ ദിനം . 1988 ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ ആണ് ഓസോൺപാളിസംരക്ഷണ ദിനമായി പ്രഖ്യാപിച്ചത്. ഓസോൺ പാളിയിൽ സുഷിരങ്ങൾ സൃഷ്ടിക്കുന്ന രാസവസ്തുക്കളുടെ നിർമ്മാണവും ഉപയോഗവും കുറയ്ക്കുക എന്നതാണ് ലക്ഷ്യം.

ജനങ്ങളെ ശസ്ത്രീയമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ധാരാളം ശാസ്ത്രസാഹിത്യ കൃതികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അത്തരം ഒരുകൃതിയാണ് ജോജി കുട്ടുമ്മേലിന്റെ നിലയ്ക്കാത്ത കാറ്റും ശമിക്കാത്തചൂടും.കലാവസ്ഥാ മാറ്റത്തെ കുറിച്ചും അതിന്റെ കാരണങ്ങളെ കുറിച്ചും കുട്ടികൾക്ക് ലളിതമായ് വിവരിക്കുന്ന ഒരു പുസ്തകമാണത്. മനുഷ്യരാശി നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പ്രമുഖമായ ഒന്നാണ് ആഗോളതാപനം.

കാലാവസ്ഥാവ്യതിയാനങ്ങളെയും കാരണങ്ങളെയും സൂക്ഷ്മമായി ഈ കൃതി വിശകലനം ചെയ്യുന്നു. അപകടകരമായ രാസവസ്തുക്കൾ പസഫിക് സമുദ്രത്തിൽ രൂപപ്പെടുന്ന പ്രതിഭാസമായ എൽനിനോ, മഞ്ഞുരുകൽ, കാറ്റും ദുരിതവും, പ്രകൃതിദുരന്തങ്ങൾ വരുത്തിവയ്ക്കുന്നതിൽ മനുഷ്യർക്കുള്ള പങ്ക് എന്നിവ ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നു. കൂടാതെ ദോഷകരമായ ശീലങ്ങളെ ഒഴിവാക്കിക്കൊണ്ട് ഭൂമിയെ എങ്ങനെ പരിരക്ഷിക്കാം എന്ന നിരീക്ഷണവും അവതരിപ്പിക്കുന്നു. അതിസങ്കീർണമായ വിഷയത്തെ ലളിതമായി അവതരിപ്പിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ സവിശേഷത.

**ഫാത്തിമ ഹാനിയ . കെ 9.A**

# അൽപം ചിരിക്കാം

## ഉത്തരക്കടലാസും ചില നർമ്മങ്ങളും

ചോദ്യം : ആശയം വിശദമാക്കുക "**പയ്യെ തിന്നാൽ പനയും തിന്നാം**"

ഉത്തരം : എന്തുകൊണ്ട് ഒരു പയ്യിനെ തിന്നാമെങ്കിൽ ഒരു പന തിന്നുകൂടാ

ചോദ്യം : ഫ്രാൻസിന്(രാജ്യം) മൊറോക്കോയെ കിട്ടിയതെങ്ങനെ?

ഉത്തരം : ഫ്രാൻസ് എന്നും അതിരാവിലെ നടക്കാൻ ഇറങ്ങുമായിരുന്നു ഒരു ദിവസം ഫ്രാൻസ് നടക്കാൻ ഇറങ്ങിയപ്പോൾ കാലിൽ എന്തോ ഒരു സാധനം തട്ടി ദേ താഴെ നോക്കുമ്പോൾ മൊറോക്കോ , ഫ്രാൻസ് ചുറ്റുപ്പാടും നോക്കി ആരെയും കാണുന്നില്ല മൊറോക്കെയെ കീശയിലിട്ട് മന്ദം മന്ദം വീട്ടിലേക്കു നടന്നു ഇങ്ങനെയാണ് ഫ്രാൻസിന് മൊറോക്കെയെ കിട്ടിയത് .

ചോദ്യം: **വിട്ട ഭാഗം പൂരിപ്പിക്കുക**

തളിരില : ഇളം പച്ച നിറം

പുഷ്ടി ഇല : **കടും പച്ച നിറം**

പഴുത്ത ഇല : മഞ്ഞ നിറം


ഉണങ്ങിയ ഇല : **പൂച്ചക്കാട്ട കളർ**

ചോദ്യം : **അമീബ ഇര പിടിക്കുന്നതെങ്ങനെ?**

ഉത്തരം: സമയം അർദ്ധരാത്രി പന്ത്രണ്ട് മണി അമീബയുടെ നാല് കുഞ്ഞുങ്ങൾ വിശന്ന് കരയുകയാണ് അമീബക്ക് സഹിക്കാൻ കഴിയുന്നില്ല, ഒരു ചാക്കുമായി അമീബ പുറത്തേക്കിറങ്ങുന്നു പതുങ്ങി ഇരുന്നു,ഒരു ഇരയെ കണ്ട അമീബ ചാടി കീഴ്പ്പെടുത്തി ചാക്കിലാക്കി കുഞ്ഞുങ്ങൾക്ക് കൊണ്ട് കൊടുത്തു. ഇങ്ങനെയാണ് അമീബ ഇര പിടിക്കുന്നത്.

## ചില നമ്പൂതിരി ഫലിതങ്ങൾ

- നമ്പൂതിരിയെ ഒരാൾ സൽക്കാരത്തിന് വിളിച്ചു
  രണ്ട് ഗ്ലാസിൽ മദ്യം ഒഴിച്ചു അതിൽ വെള്ളമൊഴിക്കാൻ ഭാവിച്ചു
  അപ്പോൾ നമ്പൂതിരി 'വേണന്ന്ല്ല്യ ;
  ന്താ, തിരുമേനി കഴിക്കില്ല്യേ?
  ല്ല, വെള്ളമൊഴിക്കില്ല്യാന്നർത്ഥം.
- ബസിൽ വച്ചു നമ്പൂതിരി ഒപ്പമുള്ള ഒരു യാത്രക്കാരനോട്
  "എങ്ങോട്ടാ"
  ട്രിച്ചൂർക്കാ
  മറ്റൊരാളോട് ഹായ് താനെങ്ങോട്ടാ
  ട്രിവാണ്ട്രത്തേക്കാ
  തിരുമേനിയോ
  ഞാൻ ട്രിണാംകുളത്തേക്കാ



- ഒരിക്കൽ തിരുമേനി ബസ് യാത്ര ചെയ്തപ്പോൾ
  തിരുമേനി ഗാനമാലപിച്ചു
  സഹയാത്രക്കാരൻ : തിരുമേനി ആ മുറുക്കാൻ തുപ്പക അതെന്റെ മുണ്ടിൽ വീണ
  തിരുമേനി: ഹ്ം, കറെ പുളിക്ക്യം , ഇതെ കാശ് കെടുത്ത് വാങ്ങിയ വെറ്റില്യെം
  പൊകല്യെയും ആണ്, താൻ വേണങ്കിൽ തുപ്പിക്കോളൂ നാം തുപ്പില്ല്യാ നാമിറക്കും
- ഒരു കല്ല്യാണ സദ്യ കഴിഞ്ഞ് തിരുമേനി പൂമുഖത്തിരിക്കുകയായിരുന്നു
  വയററ് സാമാന്യത്തിലധികം നിറഞ്ഞത് കാരണം അദ്ദേഹം വല്ലാതെ വിമ്മിട്ടപ്പെടുന്നത്
  കണ്ട് മറ്റൊരു നമ്പൂതിരി, രണ്ട് വെരല് തൊണ്ടെയില്ട്ട് ഒന്ന് ചർദിച്ച് നോക്ക്യാ
  അസാരം ഭേദണ്ടാവും ;
  ഹായ് രണ്ട് വെരലിടാൻ സ്ഥലമുണ്ടെങ്കിൽ ഞാൻ രണ്ട് ഉണ്ണ്യപ്പം കൂടി കഴിച്ചേനെ

SUJITH KUMAR

# തണലിടങ്ങൾ



*ജീവിതം*
*കൂട്ടങ്ങളുടെ യാത്ര*
*പക്ഷേ,*
*ഒറ്റയടിപ്പാതകൾ.*
*നീളവും വീതിയും*
*കാട്ടു പുല്ലുകളും*
*കൂർത്ത കല്ലുകളും*
*ഓരോന്നിലും വ്യത്യസ്തം.*
*അതിൽ*
*ചില തണലിടങ്ങൾ.*

*ഒരിത്തിരി തണുപ്പ്*
*മനസ്സിലേറ്റാൻ,*
*ഒരിത്തിരി നേരം*
*നടുന്നവർത്താൻ*
*ഒരായുസ്സിന്റെ തിരിവെട്ടം*
*ഇലക്കുമ്പിളാലണയാതെ കാക്കാൻ.*

-ബൈജു.
(അധ്യാപിക)

# മഴ മൊഴി



എനിക്കും നിനക്കുമിടയിൽ
വെള്ളിനാരുകൾ തീർത്ത്
മഴയെന്തോ മൊഴിയുന്നു
സായന്തനത്തിലെ
ഇളം തെന്നലിലലിഞ്ഞ്
പൊടിമണ്ണുയർത്തുന്ന
നനുത്ത ഗന്ധത്തിൽപ്പൊതിഞ്ഞ
സ്വകാര്യം

പൊട്ടിയ ജാലകപ്പൊളികൾക്കിടയിലൂടെ
ഇരുട്ടു മണക്കുന്ന മുറിയിൽ
ചാഞ്ഞും ചെരിഞ്ഞും
ആരുമറിയാതെ
നിശ്ശബ്ദം. എന്റെ വ്യഥകളെ തഴുകി

വേദനകൾ തലോടി
മുറിവുകൾ ഉണക്കി
മഴക്കാടുകളിലേക്ക് ഊളിയിടുന്ന
എന്റെ സ്വപ്നങ്ങളെ
ഓരൊറ്റ നൂലിൽ കോർത്ത്
നിന്നെ അണിയിച്ചു കൊണ്ട്-
വീണ്ടും.

മഴയെന്തോ മൊഴിയുന്നു.
മഴയോടൊപ്പം വീശിയടിക്കുന്ന കാറ്റിൽ
ഞാനെൻ മുഖം ചേർത്തു വെച്ചോട്ടെ
എന്റെ മിഴിനീർ
മഴയിൽ അലിയിച്ചോട്ടെ
അങ്ങനെ
ഞാനും മഴയായ് പെയ്തോട്ടെ

നർമദ.കെ.വി (അധ്യാപിക)

# ചെറിയവ

കവി എൻ. കുമാരനാശാന്റെ ചെറിയവ എന്ന കവിത വളരെ അർത്ഥവത്തായ ഒന്നാണ്. ചെറിയ വാക്കായാലും ദയയോടുള്ളതാണെങ്കിൽ ആശ്വസിപ്പിക്കേണ്ട ആളിൽ വലിയ സമാധാനമുണ്ടാക്കും. സ്വന്തം കാര്യം മാത്രം നോക്കുന്ന നാം നമ്മുടെ കാര്യങ്ങൾക്ക് മാത്രം പ്രാധാന്യം നൽകുന്നു. മറ്റുള്ളവരുടെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും പങ്കുചേരാത്ത ഇന്നത്തെ സമൂഹത്തിന് ഉത്തമ മാതൃകയാണ് ഈ കവിത. ചെറിയൊരു പുഞ്ചിരി ഭൂമിയെ മനോഹരമാക്കുന്നു എന്ന് കവി പറയുന്നു

വളരെ ലളിതമായ വാക്യങ്ങൾ കൊണ്ട് മികച്ചതും മാഹാത്മ്യം ഏറെയുള്ളതുമായ കാര്യത്തെയാണ് കവി ഉണർത്തുന്നത്. ചെറിയ കുട്ടികൾക്ക് പോലും മനസ്സിലാക്കാവുന്ന ഈ കവിത അർത്ഥ തലങ്ങളിലേക്ക് ആഴ്ന്ന് നോക്കുമ്പോൾ കവിതയുടെ മനോഹാരിത കൂടുന്നു. ചെറിയ നന്മയാണെങ്കിൽ പോലും മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുന്നതിൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നും മറ്റുള്ളവർക്ക് ഉപകാരം ചെയ്തില്ലെങ്കിൽ മനുഷ്യജന്മം വെറും പാഴ്ജന്മമാണെന്നും കവി ഇതിലൂടെ വ്യക്തമാക്കുന്നു.

ചെറുതെങ്കിൽ പോലും അൻപ് അഥവാ ദയയോടെയുള്ള പ്രവൃത്തികളും വാക്കുകളുമെല്ലാം പെരുകി ഭൂമി മലർവാടിയായി മാറി ഈ മനുഷ്യലോകം സ്വർഗലോക തുല്യമായി തീരും. ചെറിയൊരംശം ദയ പോലും വലിയ ആശ്വാസം ഉണ്ടാക്കുന്നു. നന്മകൾ കൊണ്ടും പുഞ്ചിരികൊണ്ടും മറ്റുള്ളവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേർന്നും മനുഷ്യലോകം സ്വർഗലോകമാക്കാം എന്നതാണ് ഈ കവിതയുടെ ആശയം. അതിനാൽ നാമാരും സ്വാർത്ഥരാവരുത്. മറ്റുള്ളവരോട് ദയയോടെ പെരുമാറുക.അത് ചിലർക്ക് വലിയ ആശ്വാസം തന്നെ നൽകും.

FAHMA.K 9 A

## ഹിമവാന്റെ മുകൾത്തട്ടിൽ

രാജൻ കാക്കനാടൻ ഏകാകിയായി ഹിമവൽ ശൃംഗങ്ങളിൽ സഞ്ചരിച്ചതിന്റെ കഥ കാവ്യാത്മകമായി പറയുന്നതാണ് ഹിമവാന്റെ മുകൾ ത്തട്ടിൽ എന്ന കൃതി. ഇതിൽ പ്രധാനമായും അളകനന്ദ നദിയുടെ മനോഹാരിതയാണ് വിവരിക്കുന്നത്. ശിരിശൃംഗങ്ങളിൽ ജീവിക്കുന്ന ഗഡ്ഡുവാളി സമുദായത്തിലെ സാമൂഹിക വ്യവസ്ഥയെക്കുറിച്ച് ഉള്ള സൂചനകളിതിലുണ്ട്. തീർത്ഥാടനയാത്രക്കൊരുങ്ങിയ രാജൻ കാക്കനാടൻ കേദാർനാഥ്, തുംഗനാഥ്,ബദരീനാഥ് എന്നീ സ്ഥലങ്ങളിലേക്കുപോയി ദർശനം ചെയ്യുകയാണിതിൽ.

ഹരിദ്വാർ,ഹൃഷികേശ്,സോനാപ്രയാഗ,ഗൗരികുണ്ഡം,ഗുപ്തകാശി തുടങ്ങി നിരവധി സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുന്നു. പർവ്വതശൃംഗങ്ങളിൽ ഭയാനകമായതും അപകടപൂർണവുമായ പാതകളിൽ സഞ്ചരിച്ച ഈ യാത്രികന്റെ യാത്രാവിവരണം കേവലം സ്മരണമാത്രമല്ല അറിവും അനുഭവവും പകർന്നു തരുന്ന അമൂല്യ ഗ്രന്ഥം കൂടിയാണ്.

അശ്വതി എസ്
8 A

## BOOK REVIEW

# ASURA—TALE OF THE VANQUISHED

BY ANAND NEELANANTAN

Among the rustics in India, there was a time when sitting in front of the television and watching Mahabharata, Ramayana or any other retelling of mythological stories was almost like a family rituals. The valour of the leads, the beauty of the female protagonists, the larger-than-life persona and elegance of how they held themselves were enough to make anyone excited. The tales were told through generations – almost hypnotizing the children who would hold on to every word like the absolute truth weaving a world of their own and always imagining themselves as the leads. The main reason for the popularity of mythological stories was because they offered something forever one. Perhaps, for all these reasons and more, literary works based on or adapted from mythology have gradually become the best sellers. Mythological thrillers have become a genre in itself, with more and more writers giving wings, and words, to their imaginations. They are written in simple language and are for all to understand.

Anand Neelakantan arguably, the author who invented a new genre in Indian writing- The counter telling of mythology. Anand's books are subaltern and thought provoking and deal with logically viewing the well known stories through a new prism.

Anand Neelankantan's Asura Tale of the Vanquished, opens with Ravana's lament in the war field. As his body lay rotting, scavenged by rats and wild animals, Ravana recounts his childhood and how he became the feared Asura king. One can see the soul of Ravana gazing upon the remnants of what is called as an epic battle and also was thinking about those events that led to his downfall.

The author has reinterpreted the novel from the point of view of the Demon Ravana. He created a new discourse from the historical events of the epic Ramayana. The writer also tries to break the conventional cultural image of the anti hero, Ravana. The book Asura contains 65 chapters. The first chapter entitled ‘The End’ describes the death of Ravana. The last chapter is titled ’The Beginning’. Also the author puts forward fresh and different narrative style in this book. From page 1, the book shakes the reader’s basic idea about Ramayana. This book has been very smartly named Ravanayana- the story of Ravana’s journey.

I this book Asura, the concept of narrating the story from a defeat’s point of view is seen. The author narrates the story from the point of view of two people and the contrast between the two narrations is remarkable. Ravana narrates the story from the time of his birth telling the reader the hardships he faced as a poor in Lanka. Once he sits in the throne of Lanka, the narration is from the point of view of a king. In stark contrast to this , there is Bhadra, a commoner who though completely loyal to Ravana, is misunderstood a lot many times and narrates the story from a poor man’s point if view. While Lanka is still known as a golden kingdom once, Bhadra tells us much more about the situation in a commoner’s Lanka. Bhadra was the common man whose life never changed irrespective of whether Rama or Ravana ruled. In an interview, Anand Neelakantan says that he created Bhadra as an image of common man.

The author does not seek to defame Ramayana or glorify Ravana. He just makes an attempt to bring out the loser’s tale. He makes the readers question the norms and realize that may be the evil is evil because it was depicted so, maybe there is another story or another rationale behind Ravana’s actions which ultimately led him to his defeat.


In the ancient epic Ramayana, Sita was abducted by Ravana. She was imprisoned in the island of Lanka, until Rama rescued her defeating the demon king Ravana. But in the book Asura, Anand Neelakantan shows Ravana as an ideal father. He portrays Sita as the daughter of Ravana and attempts to justify Sita’s abduction. Everyone believed the proclamation of an astrologer that Sita, daughter of Ravana will

bring destruction to the Asura clan. Even then, Ravana stood like a pillar. He felt deeply hurt when he had realized that he had lost his daughter and that she had been adopted by a Deva king.

The novel Asura exposed a new world that gives a clear portrait about Asura's culture, life and struggle. On contrary to the ancient representation of the Asura race as evil and devilish, the author attempts a fresh approach to the myth. He gathers information to substantiate his new notion and presents to the readers in elegant yet simple words. Thus, Asura is a rather varied representation of the mythical Ramayana, where the protagonist is no more the valiant king Ravana, but the so called evil, ten headed ruler, Ravana. This novel ends in the beginning of a new world. Asuras and Devas are representations of the contemporary civilization fighting for glory and kingdom. They symbolise the divisions within the society.

Bindu N.C - Teacher

# SALIL CHAUDHARY- A UNIQUE MUSICIAN IN MALAYALAM



Salildha alias Salil chaudhary is very famous in the world of music. He was born on 19th November, 1925 in west Bengal. His father was a stage artist and a music lover too. Salildha had a passionate interest in music from his early age. He began to play harmonium and flute. He started composing music at the age of 20. His film career, as a musician, started in 1949 for a Bengali movie “Paribarthan”. He composed music for Bengali, Hindi and Malayalam.

After working in other languages, he entered Malayalam film industry in 1965. The year was a golden year in the history of Malayalam cinema. The movie “Chemmeen”, directed by Ramu kariat, was released in 1965. The movie was a grand succes and Salildha composed music for the movie.The evergreen songs of “chemmeen” along with the composer Salildha became widely known in kerala. Salil composed songs with the lyrics of eminent poet Vayalar Rama Varma in this movie. The songs were all in the best hit list. The songs like “Kadalinakkare ponore”, “manasa maine varoo” etc were enchanting music lovers. His music had a different style from other music composers in malayalam. He blended Eastern and Western music tradition and created a new type of music which was not familiar with a malayalee’s music sense. His unique style was accepted. Most of his songs were sung by K.J.Yesudas. Salildha utilized the potential of his voice for his songs He formed a formidable team with the eminent lyricist Vayalar Rama Varma and the poet ONV kurup and composed music for over 25 films.

Some famous songs by Salil chaudhary- “Ormakale kaivala charthee”(Pratheeksha-1975), Yamune nee ozhukoo, ‘Kelee Nalinam’(Thulavarsham-1976), “Malar kodi pole” (Vishukani-1977), “Shyama meghame neeyen” (Samayamayilla polum-1977), Sagarame Santhamaka nee,Mada prave va (Madhanolsavn-1977), Kilum kilukilum, kaadu karutha kadu (Neela ponman-1975 ), Neela ponmane (Nellu-1974), Ivide kattinu sugandham, (Ragam-1975), ‘Onnanam kunninmel (Air Hostess -1980),etc. His last song was ‘Kadhil then mazhayay’ for the movie ‘Thumboli Kadappuram in 1994. The song was a huge hit.

An ardent music lover can easily identify his music because he has stamped his unique style in each song he created. His music is immortal and everlasting. His songs will be preserved in the heart of music lovers forever. Unfortunately, he passed away in 1995.

BIJEESH.K - Teacher

الحكم والامثال

كلّ مايَلْمَعُ لَيْسَ ذَهَبًا
الْقَنَاعَةَ كَنْزٌ لا يَنْفَذُ
الصُّمْتُ حِكْمَةٌ قَليلُ فَاعِلُهُ
العَلَم القَليلُ شَيْئٌ خَطَرٌ
كَمَا تَزْرَعُ تُحْصَدُ
لِكُلِّ كَلْبٍ يَوْمَهُ
الأتِّحَادُ قُوَّةٌ
مَنْ جَدَّ وَجَدَ
الْفَقْرُ لَيْسَ دائِمًا
الْحُبُّ اعْمَى
صَدِيقُك الحَقُّ هُوَ الصَّدِيقُ الّذي يّقِفُ
بِجَانِبِكَ فِي الشّدَائِدْ
الثَّرْثارُ يُكثِرُ الزَّلّة

FAHMA.K - **9A**

# الحِوَار

## " اِنَّ روحَ بلادِنَا فِي القَريَة"

بَسّام : صَبَاحَ الْخَير

عَمّ : صَبَاحَ النّور

بَسّام : يَا اللّه مَا هَذِهِ الحَيَاةِ الشَاقّة ؟

عَمّ :مَاذَا اَصَابَكَ يَا بَسَّام

بَسَّام : يَا عَمِّي .... كَيفَ تَتَحَمَّلونَ هَذهِ الحَيَاة

عَمّ : يَا بَسَّام .اِنَّهَا حَيَاة سَعِيدَة

عِصَام :لا لا يَا عَمِّي فَانَا فِى المَدِينَة اَقضى وقتَا طَوِيلا مَعَ الكَمبيوتَر وجَوّال.

عَمّ : يَا بنَيَّ. اِنَّ لِلقَريَةِ دَورَا كَبِير فِي بِنَاءِالبِلاد

بَسّام : كَيفَ يَا عَمِّي....؟

عمّ : العَمَل فِي الحَقل جَمِيل ورَائِع. وهو سرَّ صِحَّتي.

عِصَام : مَا هَذهِ يَا عَمِّي ...؟

عَمّ : هَذهِ مَزرَعَةِ خَضراَوات

بسَّام : ايّ خَضراواتِ في هَذهِ المَزَرعَة ؟

عَمّ :بامِيا وباذِنجان وطماطِم وغيرِها.....

بسَّام :كيف تسقى مزرعتِك ؟

عَمّ :مِن الجدولِ... حقّا اِنّروح بلادِنا فِي القرية.

بسَّام وعِصام :طبعا .." اِنّروح بلادِنا في القرية".

**FATHIMA RINSHA.K -9 A**

# Art Gallery








**SAJEEV.CP**
(DRAWING TEACHER)



FATHIMA JASLA 8D



MUHAMMED SAIF.P 7D




RINSHIDA .VT 9C



FATHIMA ESHANA 7B



BINDYA 8C


TO SAVE THE PLANET YOU SHOULD GIVE UP MY WAY OF LIFE
OIL
NYJIN SREENAND T.S 9 A







Sajeev
Drawing Teacher

**പ്രതികാരം**

ഫാത്തിമ ഫർഹാന കെ - 9 A

കളകളമൊഴികിയ നദികൾക്കുമുണ്ടാ-
യിരുന്നു കളകള മായൊരു സംഗീതം.
ഇടറാതെ പാടുന്ന കിളികൾക്കുമൊത്ത്
കളകളമായൊരു സംഗീതം.
കടലിലെ തിരമാലയെണ്ണുന്ന പോലെ
മാനത്തെ താരങ്ങളെണ്ണുന്ന പോലെ
തീരാത്തതോന്ന് വിശ്വസിച്ച ആ
സംഗീതമിന്നോ മാഞ്ഞു പോയി.
നരലോകം നരകമായ് മാറ്റി മനുഷ്യർ
ഭുവലോകം ദുരിതമായി മാറ്റി മനുഷ്യർ
പ്രതികാരമെന്ന പോൽ നൽകി പ്രകൃതി
പ്രളയമെന്ന ദുരന്തം.
കണ്ണീരു വറ്റാത്ത കാര്യങ്ങളോർക്കു-
മ്പോൾ കരയാതിരിക്കുവാൻ വയ്യ.
കരഞ്ഞു കരഞ്ഞു കണ്ണു ചുവപ്പിച്ചു
സൂര്യാസ്തമയത്തെ പ്പോലെ
നരകിച്ചയോർമ്മകൾ ഓർത്തോടു-
ക്കും നേരം മനസ്സിന്റെയുള്ളം നീറും.





BISHRUL HAFI 10 A